ഹർത്താൽ അനുകൂലികൾ കടകൾ അടപ്പിച്ചതിനെ തുടർന്ന് വിജനമായ തളിപ്പറമ്പ് ടൗൺ.

ഹർത്താൽ തടയാൻ പോലീസ് മുൻകരുതലെടുത്തില്ല

തളിപ്പറമ്പ: രാജ്യം നടുക്കത്തോടെ കേട്ട ബലാൽസംഗത്തിന്റെ പേരിൽ ഹർത്താൽ പ്രഖ്യാപിച്ചവരെ കണ്ടെത്താനോ സുരക്ഷ ഒരുക്കാനോ പോലീസ് സംവിധാനത്തിന് കഴിഞ്ഞില്ല. പിഞ്ചുകുട്ടിയെ ക്രൂരമായി ബലാൽസംഗം ചെയ്ത് കൊന്നവർക്കെതിരെ രാജ്യവ്യാപകമായി പ്രതിഷേധം അലയടിക്കുന്ന വേളയിൽ സോഷ്യൽ മീഡിയ വഴി ചിലരാണ് ഹർത്താൽ പ്രഖ്യാപിച്ചത്. വിവരം നേരത്തെ പോലീസിന് ലഭിച്ചിരുന്നു. എന്നാൽ രാവിലെ തളിപ്പറമ്പിലടക്കം നഗരത്തിൽ ഒറ്റ പോലീസുകാരനെയും ഡ്യൂട്ടിക്കിടാനോ മുഖം മറച്ച് ബൈക്കുകളിലെത്തി കടകൾ അടപ്പിച്ചവരെ കണ്ടെത്താനോ പോലീസിന് കഴിഞ്ഞില്ല. രാഷ്ട്രീയ പാർട്ടികളോ അംഗീകൃത സംഘടനകളോ അറിയാതെയാണ് സോഷ്യൽ മീഡിയയിൽ പ്രഖ്യാപനങ്ങൾ വന്നത്. ഉന്നാവ, കഠ്വവ ബലാൽസംഗത്തിനെതിരെ രോഷം അണപ്പൊട്ടുന്ന വേളയിൽ ഇത്തരമൊരു ആഹ്വാനത്തിന് ജനപ്രിയത ലഭിക്കുമെന്ന് മുൻകൂട്ടി കാണാനോ സുരക്ഷ ഒരുക്കാനോ പോലീസിന് ആയില്ല. തുറന്ന കടകൾ അടപ്പിച്ചതിന് ശേഷം അവരോട് കട തുറന്നാൽ സംരക്ഷണം നൽകുമെന്ന് പോലീസ് അറിയിച്ചെങ്കിലും ആരും അത് മുഖവിലക്കെടുക്കാൻ തയ്യാറായിട്ടില്ല. അതേസമയം ബസ് ഉൾപ്പെടെയുള്ള എല്ലാ വാഹനങ്ങളും പതിവ് പോലെ സർവ്വീസ് നടത്തുകയും ചെയ്തു.

തുടർച്ചയായി മൂന്നാമത്തെ തിങ്കളാഴ്ചയാണ് ഹർത്താൽ ആചരിക്കുന്നത്. കഴിഞ്ഞ തിങ്കളാഴ്ച ദളിത് വിഷയത്തിലും അതിന് മുന്നത്തെ തിങ്കളാഴ്ച ട്രേഡ് യൂണിയൻ വിഷയത്തിലും തളിപ്പറമ്പിൽ ഹർത്താൽ ആചരിച്ചിരുന്നു. എല്ലാ പ്രശ്നത്തിലും തങ്ങളെ മാത്രം ബുദ്ധിമുട്ടിക്കുന്നതിനെതിരെ വ്യാപാരികൾ കടുത്ത അമർഷത്തിലാണ്.

മാതമംഗലത്ത് പടക്കക്കടക്ക് തീപിടിച്ചു; കെട്ടിടം തകർന്നു, ബൈക്കുകൾ കത്തിനശിച്ചു

മാതമംഗലത്ത് കത്തിനശിച്ച പടക്കക്കട

മാതമംഗലം: പടക്കക്കടക്ക് തീപിടിച്ചുണ്ടായ സ്ഫോടനത്തിൽ കട തകരുകയും കടക്ക് മുന്നിൽ നിർത്തിയിട്ട വാഹനങ്ങൾ കത്തിനശിക്കുകയും ചെയ്തു. മാതമംഗലം മെയിൻറോഡിലെ തമ്പായി പൈച്ചടക്കന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ലക്ഷ്മി ഫയർവർക്സിലാണ് ഇന്നലെ ഉച്ചയോടെ തീപിടിത്തമുണ്ടായത്. വിഷുദിനത്തിലും കട തുറന്ന് വിൽപ്പന നടത്തുന്നതിനിടയിലായിരുന്നു ദുരന്തം. കടക്ക് അകത്ത് ജീവനക്കാരും പുറത്ത് പടക്കം വാങ്ങാൻ എത്തിയവരും ഉണ്ടായിരുന്നു. പടക്കങ്ങൾക്ക് തീപിടിച്ച് കത്താൻ തുടങ്ങിയതോടെ അവിടെ ഉണ്ടായിരുന്നവർ ഓടി രക്ഷപ്പെടുകയായിരുന്നു. നിമിഷ നേരം കൊണ്ട് എല്ലാം കത്തുകയും സ്ഫോടനം സംഭവിക്കുകയും ചെയ്തു. സംഭവം അറിഞ്ഞ് പെരിങ്ങോം ഫയർഫോഴ്സിന്റെ രണ്ട് യൂണിറ്റും പയ്യന്നൂർ ഫയർഫോഴ്സിന്റെ ഒരു യൂണിറ്റും എത്തി ഒരു മണിക്കൂറിലേറെ നീണ്ട പ്രയത്നത്തിലൊടുവിലാണ് തീ അണച്ചത്. അപ്പോഴേക്കും രണ്ട് നിലകളിലുള്ള കെട്ടിടത്തിന്റെ താഴെ നിലയിൽ പ്രവർത്തിക്കുന്ന പടക്കക്കട പൂർണ്ണമായും കത്തിയമർന്നിരുന്നു. സമീപത്തെ കെട്ടിടങ്ങൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. സമീപത്തെ കെട്ടിടങ്ങളിലേക്ക് തീ പടരാതിരുന്നതും ആളുകൾക്ക് ഓടി രക്ഷപ്പെടാൻ കഴിഞ്ഞതുമാണ് ദുരന്തത്തിന്റെ വ്യാപ്തി കുറച്ചത്. പടക്കക്കടയുടെ മുന്നിൽ നിർത്തിയിട്ട ഒരു സ്കൂട്ടറും ബൈക്കുമാണ് കത്തി നശിച്ചത്. പൂർണ്ണമായും കത്തിയ സ്കൂട്ടർ പുനയങ്കോട് സ്വദേശി കെ.വി. സുരേഷിന്റേതാണ്. അഞ്ച് ലക്ഷത്തിന്റെ നഷ്ടം കണക്കാക്കുന്നു. എങ്ങനെയാണ് തീപിടിത്തമുണ്ടായതെന്ന് വ്യക്തമല്ല. വൈദ്യുതി ഷോർട്ട് സർക്യൂട്ടല്ല കാരണമെന്നാണ് പ്രാഥമിക നിഗമനം. പടക്കങ്ങൾ തമ്മിൽ ഉരസിയതിനെ തുടർന്നുണ്ടായ തീപ്പൊരിയായിരിക്കാം കാരണമെന്ന് സംശയിക്കുന്നു.

കെ.എസ്.ആർ.ടി.സി ബസ് ഇടിച്ച് സ്കൂട്ടർ യാത്രക്കാർക്ക് പരിക്ക്; നാട്ടുകാർ ഡ്രൈവറെ കൈകാര്യം ചെയ്തു

പരിയാരം: കെ.എസ്.ആർ.ടി.സി ബസിടിച്ച് സ്കൂട്ടർ യാത്രക്കാർക്ക് പരിക്കേറ്റു. ബസിന്റെ അമിത വേഗതയാണ് അപകടത്തിന് ഇടയാക്കിയത് എന്നാരോപിച്ച് രോഷാകുലരായ നാട്ടുകാർ ഡ്രൈവറെ കൈകാര്യം ചെയ്തു.

മംഗലാപുരത്ത്നിന്നും തിരുവനന്തപുരത്തേക്ക് പോവുകയായിരുന്ന കെ.എൽ. 15 എ 1421 സ്കാനിയ ബസാണ് ഇന്നലെ രാത്രി 9.40 ഓടെ കെ.എൽ. 13 എ.കെ. 1834 ബൈക്കിലിടിച്ചത്. പിലാത്തറ ചർച്ചിന് സമീപം നടന്ന അപകടത്തിൽ ബൈക്ക് യാത്രക്കാരും സഹോദരങ്ങളുമായ നരിക്കാംമലയിലെ കോയൽ ലിപിൻ(29), ബിനോയ്(22) എന്നിവർക്കാണ് പരിക്കേറ്റത്. ഇവരെ മെഡി. കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രോഷാകുലരായ നാട്ടുകാർ കെ.എസ്.ആർ.ടി.സി ഡ്രൈവർ തളിയിൽ സ്വദേശി കോറോത്ത് ഷാജി(48)യെ മർദിക്കുകയായിരുന്നു. ബസിന്റെ താക്കോലും നാട്ടുകാർ കൈവശപ്പെടുത്തി. അതുവഴി വന്ന ഹൈവേ പോലീസ് ഇടപ്പെട്ടാണ് താക്കോൽ തിരിച്ചു വാങ്ങിയത്. പരിക്കേറ്റ ഷാജിയെ പോലീസ് പയ്യന്നൂർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഹർത്താലുമായി ബന്ധമില്ലെന്ന് മുസ്ലിംലീഗും എസ്.ഡി.പി.ഐയും

തളിപ്പറമ്പ: നാഥനില്ലാതെ സോഷ്യൽ മീഡിയകളിൽ ആഹ്വാനം ചെയ്ത ഇന്നത്തെ ഹർത്താലിന് മുസ്ലിംലീഗ്, എസ്.ഡി.പി.ഐ, പോപ്പുലർ ഫ്രണ്ട് തുടങ്ങിയ ഒരു രാഷ്ട്രീയ സംഘടനകൾക്കും ബന്ധമില്ലെന്ന് ബന്ധപ്പെട്ടവർ അറിയിച്ചു.

ജമ്മുവിലെ കഠ്വയിൽ എട്ട് വയസുകാരിയെ ക്രൂരമായി ബലാൽസംഗം ചെയ്ത് കൊന്ന് തള്ളിയതിനെതിരെ രാജ്യം ഒറ്റക്കെട്ടായും സമാധാനപരമായും പ്രതിഷേധിച്ചപ്പോൾ അതിനൊപ്പം മുസ്ലിംലീഗും അണിചേർന്നിരുന്നു. നീതിക്ക് വേണ്ടി ഏതറ്റംവരെ പോകാനും മുസ്ലിം ലീഗ് തയ്യാറായിട്ടുണ്ടെന്നും മുസ്ലിംലീഗ് സംസ്ഥാന ജനറൽ സിക്രട്ടറി കെ.പി.എ. മജിദ് പ്രസ്താവനയിൽ അറിയിച്ചു. ഇന്നത്തെ ഹർത്താലുമായി മുസ്ലിംലീഗിന് ബന്ധമില്ലെന്നും ഒരുവിധ സഹകരണവും നൽകരുതെന്നും അദ്ദേഹം പറഞ്ഞു. ഹർത്താലുമായി സഹകരിക്കരുതെന്ന് അണികൾക്ക് കർശന നിർദേശം നൽകിയിട്ടുണ്ടെന്ന് എസ്.ഡി.പി.ഐ, പോപ്പുലർ ഫ്രണ്ട്, യൂത്ത് ലീഗ് ജില്ലാ സംസ്ഥാന കമ്മിറ്റികളെ അറിയിച്ചു.

കല്ലേറിൽ ശ്രീകണ്ഠപുരം സ്വദേശിയുടെ കണ്ണിന് ഗുരുതര പരിക്ക്

കാസർക്കോട് പൂർണ്ണ ഹർത്താൽ; മഞ്ചേശ്വരത്ത് ഇന്നലെ രാത്രി സംഘർഷം

കാസർക്കോട്: നവമാധ്യമങ്ങളിലൂടെ ചിലർ പ്രചരിപ്പിച്ച വ്യാജ ഹർത്താൽ ഏറ്റെടുത്ത് കാസർക്കോട് ഒരുസംഘം കടകൾ അടപ്പിക്കുകയും വാഹനങ്ങൾ തടയുകയും ചെയ്തു. ഇതേ തുടർന്ന് കാസർക്കോട് ടൗണിൽ കടകളെല്ലാം അടഞ്ഞുകിടക്കുകയാണ്. സ്വകാര്യ വാഹനങ്ങൾ ഓട്ടം നിർത്തിവെച്ചു. കെ.എസ്.ആർ.ടി.സിയുടെ അപൂർവ്വം വാഹനങ്ങൾ മാത്രമാണ് സർവ്വീസ് നടത്തുന്നത്. പത്ത് പേരെ പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

ഇന്നലെ രാത്രി മഞ്ചേശ്വരത്ത് ഹർത്താൽ അനുകൂലികളും എതിർക്കുന്നവരും തമ്മിൽ സംഘർഷം ഉടലെടുത്തു. ഒരു വിഭാഗം നാളെ തുറക്കരുതെന്ന് ആവശ്യപ്പെട്ട് മഞ്ചേശ്വരം ടൗണിലെ കടകളിലെത്തി. ഇതിനെ ചോദ്യം ചെയ്ത് മറ്റൊരു വിഭാഗവും എത്തിയതോടുകൂടിയാണ് സംഘർഷം ഉടലെടുത്തത്. ഇരുവിഭാഗങ്ങളും തമ്മിൽ കല്ലേറും സോഡക്കുപ്പി ഏറും നടന്നു. അതിനിടയിൽ പോലീസിന് നേരെയും സോഡക്കുപ്പി എറിഞ്ഞു. പരിക്കേറ്റ എസ്.ഐ ബാലകൃഷ്ണൻ, സി.പി.ഒ ചന്തു എന്നിവരെ കുമ്പള ഗവ. ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കുമ്പള സി.ഐ പ്രേംസദന്റെ നേതൃത്വത്തിലെത്തിയ പോലീസ് ലാത്തി ചാർജ് നടത്തിയും രണ്ട് തവണ ഗ്രനേഡ് പ്രയോഗിച്ചുമാണ് സ്ഥിതിഗതികൾ നിയന്ത്രണവിധേയമാക്കിയത്. അഞ്ചുപേരെ കസ്റ്റഡിയിലെടുത്തു. ഇരുവിഭാഗത്തിലും പെട്ട നൂറോളം പേർക്കുമെതിരെ കേസെടുത്തു.

ഇന്ന് രാവിലെ അണങ്കൂർ, ചെങ്കള, ചൊർക്കള, നായൻമാർമൂല എന്നിവിടങ്ങളിൽ റോഡുകളിൽ ഗതാഗത തടസം സൃഷ്ടിച്ചു. ഉപ്പള- കുമ്പള ദേശീയപാതയിൽ ജനപ്രിയ ബസ്സ്റ്റോപ്പിന് സമീപം വെച്ച് മംഗലാപുരത്ത് നിന്ന് കാസർക്കോടേക്ക് വരികയായിരുന്ന കെ.എസ്.ആർ.ടി.സി ബസിന് നേരെ കല്ലേറ് നടന്നു. കല്ലേറിൽ ബസ് യാത്രക്കാരൻ ശ്രീകണ്ഠപുരം സ്വദേശി ജോമോൻ മാത്യുവിന്റെ (43) കണ്ണിന് ഗുരുതരമായി പരിക്കേറ്റു. ഇയാളെ കാസർക്കോട് സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

നവമാധ്യമങ്ങളിലെ ആഹ്വാനത്തെ തുടർന്ന് ഇന്ന് രാവിലെ ശ്രീകണ്ഠപുരത്ത് ഹർത്താൽ അനുകൂലികൾ കടകൾ അടപ്പിക്കുന്നു.

ഹർത്താൽ മലയോരത്തെ ബാധിച്ചില്ല

ആലക്കോട്: ജമ്മു-കാശ്മീരിൽ പിഞ്ചുപെൺകുട്ടി ക്രൂര പീഡനത്തിന് ഇരയായി കൊല ചെയ്യപ്പെട്ട സംഭവത്തിന്റെ പേരിൽ സമൂഹമാധ്യമങ്ങൾ വഴി ഒരു വിഭാഗം ആഹ്വാനം ചെയ്ത ഹർത്താൽ മലയോരത്തെ ബാധിച്ചില്ല. ആലക്കോട് ഉൾപ്പെടെയുള്ള മുഴുവൻ മലയോര ടൗണുകളിലും കടകമ്പോളങ്ങൾ തുറന്നു പ്രവർത്തിക്കുകയും വാഹനങ്ങൾ സർവീസ് നടത്തുകയും ചെയ്തു. കരുവഞ്ചാലിൽ ഒരു വിഭാഗം കടകൾ അടപ്പിക്കാൻ ശ്രമം നടത്തിയെങ്കിലും വ്യാപാരികൾ ഇതിനെ ചെറുത്തു. ചുരുക്കം ചില കടകൾ ഒഴികെ ബഹുഭൂരിപക്ഷം കടകളും കരുവഞ്ചാലിൽ തുറന്നു പ്രവർത്തിക്കുന്നുണ്ട്. ഹർത്താൽ ആഹ്വാനം രാവിലെ ജനങ്ങളിൽ ഏറെ ആശയക്കുഴപ്പം സൃഷ്ടിച്ചുവെങ്കിലും കടകൾ തുറക്കുകയും വാഹനങ്ങൾ ഓടുകയും ചെയ്തതോടെ ജനജീവിതം സാധാരണ നിലയിലായി.

പത്ത് കിലോ കഞ്ചാവുമായി മൂന്നുപേർ പിടിയിൽ

കാസർക്കോട്: പത്ത് കിലോ കഞ്ചാവുമായി മൂന്നുപേരെ കാസർക്കോട് ടൗൺ പോലീസ് അറസ്റ്റ് ചെയ്തു. നെല്ലിക്കട്ട പാലത്തടുക്കയിലെ പി.എം. ഇഖ്ബാൽ (25), ചെന്നടുക്കയിലെ ഒ.കെ. അബ്ദുൾ നൗഷാദ് (29), ചെന്നടുക്ക ആമോത്ത് നഗറിലെ കെ.എം. അബ്ദുൾ അസീസ് (31) എന്നിവരാണ് പിടിയിലായത്. സ്കൂട്ടറിൽ കഞ്ചാവ് കടത്തുമ്പോഴാണ് ഇവരെ പിടികൂടിയത്.

നേരത്തെ കാസർക്കോട് പോലീസ് ചാർജ് ചെയ്ത കഞ്ചാവ് കേസിലും കളവ് കേസിലും പ്രതിയാണ് ഇഖ്ബാൽ. മറ്റ് രണ്ടു പേരും നേരത്തെ കഞ്ചാവ് കേസിൽ പ്രതികളായിരുന്നു.

ഡോക്ടർമാരുടെ സമരം നേരിടാൻ സർക്കാർ നടപടി തുടങ്ങി

തിരുവനന്തപുരം: സംസ്ഥാന സർവ്വീസിലുള്ള ഡോക്ടർമാരുടെ സമരം നേരിടാൻ സർക്കാർ കർശന നടപടി തുടങ്ങി. മന്ത്രിസഭാ യോഗത്തിന്റെ തീരുമാനപ്രകാരമാണ് നടപടി. ഇതിന്റെ ഭാഗമായി സമരത്തിന് നേതൃത്വം നൽകുന്ന കെ.ജി.എം.ഒ.എയും പ്രസിഡണ്ട് എ.കെ. റൗഫിനെയും സെക്രട്ടറി ജിതേഷിനെയും സ്ഥലംമാറ്റി. ഇന്ന് രാവിലെയാണ് ഇതുസംബന്ധിച്ച ഉത്തരവ് ഇറങ്ങിയത്.

സമരം നിർത്താതെ സമരക്കാരുമായി ചർച്ച വേണ്ടെന്നാണ് സർക്കാർ തീരുമാനം. ആർദ്രം പദ്ധതിയെ കുറിച്ച് ഡോക്ടർമാരിൽ ഉണ്ടായ ആശങ്ക അകറ്റാൻ സർക്കാർ വിശദീകരണം നൽകിയതാണ്. എന്നാൽ അതിന് ശേഷം നോട്ടീസ് പോലും നൽകാതെയാണ് സമരം ആരംഭിച്ചത്. ഈ സാഹചര്യത്തിൽ സമരത്തെ ശക്തമായി നേരിടാനാണ് തീരുമാനിച്ചത്. അതേസമയം എസ്മോ പോലുള്ള കടുത്ത നടപടികളിലേക്ക് കടക്കില്ല. സമരത്തിൽ ഏർപ്പെട്ട പ്രൊബേഷനിലുള്ള ഡോക്ടർമാരുടെ പട്ടിക നൽകാൻ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

അതേസമയം സർക്കാർ നടപടി ജനാധിപത്യ വിരുദ്ധമാണെന്ന് കെ.ജി.എം.ഒ.എ ആവശ്യപ്പെട്ടിരുന്നു. പ്രശ്നം മനസിലാക്കാൻ സർക്കാർ ശ്രമം നടത്തിയില്ല. കാര്യങ്ങൾ അന്വേഷിക്കുകയോ പരിഹാരം കാണുകയോ ചെയ്യാതെ ഉത്തരവാദിത്വത്തിൽ നിന്ന് സർക്കാർ മാറി നിൽക്കുകയായിരുന്നു. അതാണ് ജനാധിപത്യത്തോടുള്ള വെല്ലുവിളിയെന്ന് സംസ്ഥാന പ്രസിഡണ്ട് എ.കെ. റൗഫ് പറഞ്ഞു.

തളിപ്പറമ്പിൽ പത്ത് ഡോക്ടർമാർ സമരത്തിൽ

തളിപ്പറമ്പ: ഡോക്ടർമാരുടെ സമരം നാലാം ദിവസത്തേക്ക് കടന്നതോടെ താലൂക്കാശുപത്രിയിലെ പത്ത് ഡോക്ടർമാർ സമരത്തിൽ പങ്കാളികളായി. ആകെ 17 ഡോക്ടർമാരാണ് താലൂക്ക് ആശുപത്രിയിൽ ഉള്ളത്. ജനറൽ ഒ.പി വിഭാഗത്തിൽ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നതിനാൽ പ്രത്യക്ഷത്തിൽ സമരം ആശുപത്രിയെ കാര്യമായി ബാധിക്കില്ല. സ്പെഷ്യലിസ്റ്റുകളിൽ ദന്തൽ വിഭാഗത്തിലെയും കുട്ടികളുടെ വിഭാഗത്തിലെയും ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. മറ്റു വിഭാഗങ്ങളിലെ ഡോക്ടർമാരാണ് സമരത്തിൽ പങ്കെടുക്കുന്നത്.

കണ്ണൂരിൽ ഹർത്താൽ...

(ഒന്നാം പേജിൽ നിന്ന്) തളിപ്പറമ്പിൽ അതിരാവിലെ തന്നെ ഒരു സംഘം യുവാക്കൾ ഇറങ്ങി കടകൾ അടപ്പിച്ചു. വാഹനങ്ങൾ തടയാൻ ശ്രമം ഉണ്ടായെങ്കിലും പോലീസ് ഇടപെട്ട് ഇല്ലാതാക്കി. കടകൾ അടപ്പിക്കാൻ ശ്രമിച്ച അഞ്ചുപേരെ കസ്റ്റഡിയിലെടുത്തു. ഷഫീഖ് ഓലിയന്റകത്ത് (24) മാവിച്ചേരി, സിദ്ദീഖ് കുണ്ടിലേപുരയിൽ (30) മാവിച്ചേരി, കെ.മുസമ്മിൽ (28) ചെറിയൂർ, സുബൈർ (39) അക്ഷയ മൻസിൽ, കാലിപ്പൊയിൽ, വി.എം. റഷീദ്(25) കപ്പാലം, പുതിയപുരയിൽ റഷീദ് (34) സയ്ദ് നഗർ എന്നിവരെയാണ് കസ്റ്റഡിയിലെടുത്തത്. ശ്രീകണ്ഠപുരത്ത് രാവിലെ 11 മണി വരെ കടകൾ തുറന്നിരുന്നെങ്കിലും പിന്നീട് ഒരു സംഘം യുവാക്കൾ സംഘടിച്ചെത്തി കടകൾ അടപ്പിച്ചു. കടകൾ അടപ്പിക്കുന്നതിനെ ചൊല്ലി വ്യാപാരികളും ഹർത്താൽ അനുകൂലികളും വാക്കേറ്റം നടന്നു. എങ്കിലും ഒടുവിൽ മുഴുവൻ കടകളും എസ്.ബി.ഐ ഉൾപ്പെടെയുള്ള ബാങ്കുകൾ അടപ്പിക്കുകയായിരുന്നു. ചെങ്ങളായി ടൗണിലെ കടകളും അടപ്പിച്ചിട്ടുണ്ട്. എന്നാൽ വാഹനയോട്ടം തടസപ്പെട്ടിട്ടില്ല. മയ്യിൽ ടൗണിൽ കടകൾ അടപ്പിക്കാൻ ശ്രമിച്ച ഏഴുപേരെ എസ്.ഐ ബാബുമോൻ കസ്റ്റഡിയിലെടുത്തു. ഇരിട്ടിയിൽ കടകൾ അടപ്പിക്കാൻ ശ്രമിക്കുകയും പോലീസിന്റെ കൃത്യനിർവഹണം തടസപ്പെടുത്തുകയും ചെയ്തതിന് 30 ഓളം പേർക്കെതിരെ കേസെടുത്തു. ഇരിട്ടിയിൽ കടകൾ അടപ്പിക്കാൻ ശ്രമിക്കുന്നത് എസ്.ഐ പി.സി. സഞ്ജയ് കുമാറിന്റെ നേതൃത്വത്തിൽ തടഞ്ഞപ്പോഴാണ് പോലീസിനെ കയ്യേറ്റം ചെയ്യാൻ ശ്രമം നടന്നത്. ഇതിനാണ് കേസെടുത്തത്. ഇരിക്കൂർ ആയിപ്പുഴയിൽ ഒരു വാഹനത്തിന് നേരെ കല്ലേറ് നടന്നു. എന്നാൽ ആർക്കും പരിക്കേറ്റിട്ടില്ല.

ചരമം

മുസ്തഫ

തളിപ്പറമ്പ: മുക്കോല പുതിയ പള്ളിക്ക് സമീപത്തെ സി. മുസ്തഫ (78) നിര്യാതനായി. ഭാര്യ: കുട്ടൻമറിയം. മക്കൾ: അബ്ദുള്ള, സുബൈദ, ശരീഫ, സയ്യിദ് (ചെരിപ്പ്, മാർക്കറ്റ്), ശിഹാബ് (പെയിന്റിങ്ങ്), സാഹിദ. മരുമക്കൾ: ആയിശാബി (പട്ടുവം), ഹംസ (ചെങ്ങളായി), റസിയ, റശീദ (തളിപ്പറമ്പ), ശക്കീർ (കടന്നപ്പള്ളി), നജീബ് (പഴയങ്ങാടി). സഹോദരങ്ങൾ: മൊയ്തീൻകുട്ടി, ഹുസൻ, മുഹമ്മദ്, ആലി, സെയ്ദു, ഹാജറ, സാറ, ഫാത്തിമ, പരേതരായ ആയിഷ, ഖദീജ.

മോഹനൻ

പയ്യാവൂർ: മുത്താറിക്കുളത്തിലെ പുതുകുളത്തിൽ കുഞ്ഞപ്പൻ-ഭാരതി ദമ്പതികളുടെ മകൻ പി.കെ. മോഹനൻ(48) നിര്യാതനായി. ഭാര്യ: ഷിജി. മകൾ: ശ്രീലക്ഷ്മി. സഹോദരങ്ങൾ: ജയരാജ്, ഷൈലജ, സിന്ധു.

ഏലിക്കുട്ടി

ആലക്കോട്: തേർത്തല്ലിയിലെ കീച്ചേരിൽ അപ്പച്ചന്റെ ഭാര്യ ഏലിക്കുട്ടി (പെണ്ണമ്മ-70) നിര്യാതയായി. പാല പള്ളിക്കത്തോട് കിടാരത്തിൽ കുടുംബാംഗമാണ്. മക്കൾ: മേരിക്കുട്ടി, പീയൂസ്, സന്തോഷ്, നിഷ, സിസ്റ്റർ അതുല്യ (എസ്.എ.ബി.എസ് ജെയ്മാതാ കോൺവെന്റ്, ഉളിയത്തടുക്ക, കാസർക്കോട്). മരുമക്കൾ: ജോയിക്കുട്ടി വട്ടമല, ഷിനു ഈന്തുങ്കുഴിയിൽ, റീജ കുന്നേൽ, ജിജി ഇലവുംകുന്നേൽ.



ഗോവിന്ദൻ നമ്പ്യാർ

തളിപ്പറമ്പ: ചവനപ്പുഴയിലെ പാലങ്ങാടൻ ഗോവിന്ദൻ നമ്പ്യാർ(92) നിര്യാതനായി. ഭാര്യമാർ: പരേതയായ പെരുങ്കുന്നപ്പാല ജാനകിയമ്മ. ബാലമണി. മക്കൾ: ബാലകൃഷ്ണൻ, വിജയൻ, രാജൻ, പങ്കജവല്ലി, രാമചന്ദ്രൻ. മരുമക്കൾ: ജയപ്രഭ, സുരേഷ്കുമാർ (റിട്ട. നേവി), ജയന്തി, സജില, സ്മിത. സംസ്കാരം ഇന്ന് വൈകുന്നേരം 4 മണിക്ക് ചവനപ്പുഴ പൊതുശ്മശാനത്തിൽ.

ഹാർബറിൽ യുവാവ് മരിച്ച നിലയിൽ

കണ്ണൂർ: ജില്ലാ ആശുപത്രിക്കടുത്ത് ഹാർബറിൽ യുവാവ് മരിച്ച നിലയിൽ. ആർ. കണ്ണൻ (42)നെയാണ് മരിച്ച നിലയിൽ കണ്ടെത്തിയത്. ഭാര്യ: പ്രീത. മൃതദേഹം ജില്ലാ ആശുപത്രിയിൽ.

അവധിക്കാലം മഹാത്മ കമ്പ്യൂട്ടേർസിൽ
കമ്പ്യൂട്ടർ കോഴ്സുകൾ Just Rs. 1200/-
M.S Office, Tally, Graphic Designing, Multimedia & Animation, Foreign Accounting, C, C++, Visual Basic, CTTC
അബാക്കസ് ട്രെയിനിംഗ്
വെക്കേഷൻ & റഗുലർ ബാച്ചുകളിലേക്കുള്ള അഡ്മിഷൻ തുടരുന്നു
Handwriteing Improvment Course
വെറും 7 ദിവസം കൊണ്ട് ഏത് കൈയക്ഷരവും കലാവൽക്കരിക്കുന്ന സാങ്കേതിക വിദ്യ പ്രായഭേദമന്യേ അഡ്മിഷൻ തുടരുന്നു
100% Money Back Guarantee
സൗജന്യ തയ്യൽപരിശീലനം
വനിതകൾക്കുള്ള സ്വയംതൊഴിൽ പരിശീലനത്തിന്റെ ഭാഗമായി രജിസ്ട്രേഷൻ ഫീസ് മാത്രം അടച്ചുകൊണ്ട് വെക്കേഷൻ & റഗുലർ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു
കോഴ്സ് ഫീസ് തികച്ചും സൗജന്യം
ഫാഷൻ ഡിസൈനിംഗ് & ബ്യൂട്ടീഷൻ കോഴ്സ്
അഡ്മിഷന് 9037275726 എന്ന നമ്പറിലേക്ക് പേര്, സ്ഥലം, SMS ചെയ്യുക, അല്ലെങ്കിൽ ഓഫീസുമായി നേരിട്ട് ബന്ധപ്പെടുക
മഹാത്മ കമ്പ്യൂട്ടേർസ്
മഹാത്മ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460 2201428, 9037275726
NB: മഹാത്മ കമ്പ്യൂട്ടേർസ് കോംപ്ലക്സിന്റെ അവസാനത്തെ നിലയിൽ മാത്രം. മറ്റ് കമ്പ്യൂട്ടർ സ്ഥാപനങ്ങളുമായി ഞങ്ങൾക്ക് യാതൊരു ബന്ധവുമില്ല

SILPAULIN
താർപായകൾ ഏത് അളവിലും
JR BUSINESS CORPORATION
WHOLESALE & RETAIL
ഹോൾസെയിൽ & റീട്ടെയിൽ
കാക്കത്തോട് ജംഗ്ഷൻ, നിയർ വ്യാപാരഭവൻ
തളിപ്പറമ്പ്
Ph: 0460 2203149, 9847112365, 9142048110
NB: വാടക സാധന വിതരണ കടകൾ, ഹോട്ടലുകൾ, തട്ടുകടകൾ എന്നിവക്ക് ആവശ്യമായ ഗ്യാസ് അടുപ്പ്, അലുമിനിയം-സ്റ്റീൽ-ചെമ്പ് പാത്രങ്ങൾ, ബേരലുകൾ, കസേരകൾ, മേശകൾ തുടങ്ങി എല്ലാവിധ സാധനങ്ങളും ഹോൾസെയിൽ വിലയിൽവിൽക്കപ്പെടുന്നു

അത്യുന്നത നിലവാരത്തിലുള്ള ട്യൂഷൻ ക്ലാസ്സുകൾക്ക് ഇനി
A+ PLUS ACADEMY
THE PROFESSIONAL COACHING AND
No.1 TUITION
NR. MOOTHEDATH HSS, TALIPARAMBA
PH: 7561826919, 9567826919
FULLY A/C CLASS ROOM
അഡ്മിഷൻ ആരംഭിച്ചു
KERALA CBSE
+1,+2, 8th, 9th, SSLC
നോർമൽ ക്ലാസ്സുകളേക്കാളും വളരെ കുറഞ്ഞ ഫീസ് നിരക്കിൽ
വർഷങ്ങളോളം വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിച്ചു പരിചയമുള്ള ഏതാനും അധ്യാപകർ ചേർന്ന് നടപ്പിലാക്കുന്ന രണ്ടാമത്തെ സംരംഭം
പരിമിതമായ സീറ്റുകൾ മാത്രം

വൃത്തിയും ഭംഗിയുമുള്ള അടുക്കളയ്ക്ക്
സ്റ്റാർ പുകയില്ലാത്ത അടുപ്പുകൾ
പൂക്കോത്ത്നട തളിപ്പറമ്പ | ആലക്കോട് റോഡ് മന്ന, തളിപ്പറമ്പ
Ph: 9446774253, Mob: 9961664253
പരിചയസമ്പന്നരായ തൊഴിലാളികൾ ഉത്തരവാദിത്വത്തോടുകൂടി നിർമ്മിച്ചു കൊടുക്കുന്നു

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No.148 RNI Reg.No.KER MAL/2007/22043